ഖുത്ബ
27.7.2007
ഹദീഖത്തുൽ മഹ്ദി, ലണ്ടൻ

# നമ്മുടെ വിശ്വാസത്തെ കെടുതികൾ ബാധിക്കുകയില്ല

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് നമ്മുടെ ജൽസ സാലാന ആരംഭിക്കുകയാണ്. അല്ലാഹുതആല ഈ ജൽസയെ എല്ലാവിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ. കാലാവസ്ഥ കാരണത്താൽ സംഘാടകർ ആശങ്കയിലാണ്. അസ്വസ്ഥരാകേണ്ടിവരുമോ കുട്ടികളേയും കൊണ്ട് വിഷമിക്കുമോ, വീടുകളിൽ ചളിയും മറ്റും കൊണ്ട് അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുമോ എന്നൊക്കെയോർത്ത് മറ്റുചിലയാളുകളും ആശങ്കയിലാണ്. ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു നമ്മളെ അനുഗ്രഹിക്കുമാറാകട്ടെ. രണ്ട് കൂട്ടരുടേയും ആശങ്കകൾ അവൻതന്നെ അകറ്റിത്തരുമാറാകട്ടെ. സംഘാടകരുടേയും അതിഥികളുടേയും ബുദ്ധിമുട്ടുകളും ദൂരീകരിക്കുമാറാകട്ടെ.

ഈ ജൽസ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ ഇംഗിതപ്രകാരമാണ് ആരംഭിച്ചിട്ടുള്ളതെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്; ആ മഹാത്മാവിനെ വിശ്വസിക്കുന്നവർ ഒരു പ്രത്യേക അന്തരീക്ഷത്തിൽ കുറച്ചുദിവസം കഴിച്ചുകൂട്ടി വൈജ്ഞാനികവും ആത്മീയവുമായ അഭിവൃദ്ധിയിലേക്ക് കൊണ്ടുപോകുന്ന പ്രഭാഷണങ്ങൾ കേട്ട് തങ്ങളുടെ മതപരവും ജ്ഞാനപരവും ആത്മീയപരവുമായ അവസ്ഥയെ ഒരുക്കുന്നവരായിത്തീരുന്നതിനാണ് ഇത് സംഘടിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ ദിനം അങ്ങേയറ്റം അനുഗൃഹീതമാണ്. അല്ലാഹുവിന്റെ മസീഹ് തുടങ്ങിവച്ച ഈ ആത്മീയ പരിപാടിയിൽ പങ്കെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം നാം ഇവിടെ വരുമ്പോൾ തീർച്ചയായും നമ്മുടെ മനസ്സ് അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രണമിക്കാൻ വെമ്പൽകൊള്ളുന്നതാണ്. നമ്മുടെ ദുആകളിൽ, 'എന്റെ സർവ്വശക്തനായ അല്ലാഹുവേ, ആകാശഭൂമിയുടെ അധികാരിയായ അല്ലാഹുവേ, ഞങ്ങൾ നിന്റെ മസീഹിന്റെ ക്ഷണം കേട്ട് ഉത്തരം നല്കിക്കൊണ്ട് ഈ സദസ്സിൽ വന്നിരിക്കുന്നു, ഇവിടെ നിന്റേയും നിന്റെ റസൂലിന്റേയും നാമത്തെ ഉയർത്തിപ്പിടിക്കാനായി പരിപാടികൾ ആസൂത്രണം ചെയ്യുകയും ഉപദേശങ്ങൾ നല്കുകയും ചെയ്യുന്നു, അതുകൊണ്ട് നിന്റെ നിയന്ത്രണത്തിൽത്തന്നെയുള്ള ഈ കാലാവസ്ഥയെ ഞങ്ങളുടെ പരിപാടികളെ ഏതെങ്കിലും വിധത്തിൽ ദോഷകരമായി ബാധിക്കുന്നതിൽ നിന്ന് തടയേണമേ, എന്ന പ്രാർത്ഥനയും ഉൾപ്പെടുത്തിയാൽ തീർച്ചയായും അല്ലാഹു ഈ കാലാവസ്ഥയുടെ ദോഷങ്ങളിൽനിന്നും നമ്മെ രക്ഷിച്ചുകൊണ്ട് നമുക്ക് നമ്മുടെ പരിപാടികൾ നല്ലനിലയിൽ നടത്താൻ ഭാഗ്യം നല്കുന്നതായിരിക്കും. കാലാവസ്ഥ നമ്മുടെ പരിപാടികളിൽ ഒരുതരത്തിലുള്ള തടസ്സത്തിനും കാരണമാകുകയില്ല. ഇൻശാഅല്ലാഹ്. അങ്ങനെയായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

എനിക്ക് ഓർമ്മയുണ്ട്. ഡിസംബർ മാസത്തിലെ തണുപ്പുകാലത്തായിരുന്നു റബ്വയിൽ ജൽസ നടത്തിയിരുന്നത്. ചിലപ്പോൾ മഴയും ഉണ്ടാകുമായിരുന്നു. തുറന്ന മൈതാനിയിലായിരുന്നു ജൽസ നടത്തിയിരുന്നത്. ഇവിടെ പുല്ലുകളുണ്ട്. ഒരു പരിധിവരെ ചളിയും കുറവുണ്ട്. എന്നല്ല, പന്തലിലാണ് നിങ്ങളിരിക്കുന്നത്. പക്ഷേ, അവിടെ തുറന്നമൈതാനത്ത് നിലത്ത് വിരിച്ചിരുന്നത് വൈക്കോലായിരുന്നു. ഇങ്ങനെയൊക്കെയായിട്ടും ആളുകൾ ഇരുന്ന് ജൽസയുടെ പരിപാടികൾ സമാധാനത്തോടെ കേട്ടു. അവരുടെ വിശ്വാസത്തിന്റെ ചൂടിനെ കാലാവസ്ഥ ഒരിക്കലും ബാധിച്ചില്ല.

ഖാദിയാനിൽ കൊടുംതണുപ്പിൽ ജൽസയിൽ പങ്കെടുക്കാൻ, തണുപ്പൊട്ടുമില്ലാത്ത സ്ഥലത്തുനിന്നും ആളുകൾ വരാറുണ്ട്. അവരുടെ നാട്ടിൽ കൊടുംതണുപ്പോ അത്യുഷ്ണമോ ഇല്ലാത്ത മധ്യമകാലാവസ്ഥയാണ്. അവർക്ക് തണുപ്പ് അനുഭവിച്ച് ശീലമേയില്ല. ഇക്കാരണത്താൽ അവരുടെ പക്കൽ ചൂടുവസ്ത്രങ്ങളും ഉണ്ടാകാറില്ല. പക്ഷേ, കൊടുംതണുപ്പിലും അവർ സ്വസ്ഥതയോടെയിരുന്ന് ജൽസ പരിപാടികൾ കേൾക്കുന്നത് നാം കണ്ടിട്ടുണ്ട്. വളരെ താൽപര്യത്തോടെയാണ് അവർ ജൽസയിൽ പങ്കെടുക്കാൻ വരുന്നത്.

എനിക്കോർമ്മയുണ്ട്. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) ഘാനയിൽ പര്യടനം നടത്തുകയായിരുന്നു. ജമാഅത്തിനെ സംബോധന ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ കനത്ത മഴ തുടങ്ങി. തുറന്ന മൈതാനിയിലായിരുന്നു സമ്മേളനം. പന്തലുകളൊന്നുമുണ്ടായിരുന്നില്ല. ഒരു തണലുമുണ്ടായിരുന്നില്ല. ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്)ന് ഒരു ചെറിയ കുട പിടിച്ചുകൊടുത്തിരുന്നിട്ടും ആ മഹാത്മാവ് നനഞ്ഞുകുളിച്ചു. കുടയൊന്നും പ്രയോജനപ്പെട്ടില്ല. ജനങ്ങൾ മഴയെ അവഗണിച്ചുകൊണ്ട് നിശ്ശബ്ദരായി ആ മഹാത്മാവിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നു. കുറഞ്ഞത് 20, 25 മിനുട്ടോ അരമണിക്കൂറോ കനത്തമഴയിൽനിന്ന് അവർ ആ പ്രസംഗം മുഴുവൻ കേട്ടു. ആരും അവരവരുടെ സ്ഥാനത്തുനിന്ന് അനങ്ങിയില്ല. അവരുടെ മുട്ടുവരെ വെള്ളം പൊങ്ങിയിരുന്നു. ബൂട്ടും വസ്ത്രവുമെല്ലാം നനഞ്ഞു കുതിർത്തു.

ഞാൻ രണ്ടുവർഷം മുമ്പേ തൻസാനിയായിൽ

പര്യടനം നടത്തിയവസരത്തിൽ സ്ത്രീകളെ സംബോധനചെയ്ത് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശക്തമായി മഴ പെയ്തു. അവിടുത്തെ പന്തലുകൾ ഇതുപോലെ ഉറപ്പുള്ളതൊന്നുമല്ല. താങ്ങുകളും അധികം കൊടുത്തിരുന്നില്ല. പന്തൽ വേണ്ടവിധം ഇടാത്തതുകാരണം കോരിച്ചൊരിയുന്ന മഴയിൽ വെള്ളം ഒഴുകി പുറത്തേക്കുപോകാതെ മുകളിൽ കെട്ടിനിന്നു. അങ്ങനെ വെള്ളത്തിന്റെ ഭാരത്താൽ ഒരു ഭാഗത്തെ തറപ്പാള വലിയൊരു ശബ്ദത്തോടെ പൊട്ടി താഴെവീണു. വെള്ളം ശക്തിയായി താഴേക്കുപതിച്ചു. പക്ഷേ, സ്ത്രീകളും കുട്ടികളും ഒരുവിധത്തിലുള്ള ബഹളവും കൂടാതെ നിശ്ശബ്ദരായി ഇരിക്കുന്നതാണ് കണ്ടത്. സ്ത്രീകൾക്ക് ക്ഷമയില്ല അവർ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുമെന്നാണ് പറയപ്പെടുന്നത്. എന്നാൽ, അതല്ല അവിടെ കണ്ടത്. ആഫ്രിക്കയിലെ ദൂരദൂര നാടുകളിൽനിന്ന് പുതിയതായി ബയ്അത്ത് ചെയ്ത് ആദ്യമായി ജൽസയിൽ പങ്കെടുക്കാൻ വന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഒരുതരത്തിലുള്ള അസ്വസ്ഥതയും പ്രകടിപ്പിക്കാതെ അവർ പ്രസംഗം കേട്ടു. ശക്തമായനിലയിൽ അവരുടെമേൽ വെള്ളം വീഴുന്നുണ്ടെന്ന് എനിക്ക് തോന്നാത്തവിധം അവർ നിശ്ശബ്ദത പാലിച്ചു. കുറച്ചാളുകൾ അടിമുടി നനയുകയും ചെയ്തു. അതിനുശേഷം പന്തലിന്റെ ഓരോ ഭാഗങ്ങൾ പൊട്ടിവീണുകൊണ്ടിരുന്നു. വളരെ ഗർജ്ജനത്തോടെയാണ് വെള്ളം പതിച്ചുകൊണ്ടിരുന്നത്. പക്ഷേ, സ്ത്രീകളും കുട്ടികളും നിശ്ശബ്ദരായിരുന്നു. അതുകൊണ്ട് ആഫ്രിക്കയിലോ ഏഷ്യയിലോ യൂറോപ്പിലോ വസിക്കുന്ന ഒരഹ്മദിയുടേയും ഈമാന്റെ അഭിനിവേശത്തെ കാലാവസ്ഥ ഒരിക്കലും ബാധിക്കുകയില്ല. 'വെളിയിൽനിന്ന് വരുന്നവർ വന്നേക്കാം. പക്ഷേ തദ്ദേശവാസികൾ കനത്തമഴ കാരണത്താൽ വരാനിടയില്ലെ'ന്ന് ഇവിടെ ആരോ എന്നോട് പറയുകയുണ്ടായി. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ മുമ്പിൽ ധാരാളമാളുകൾ ഇരിക്കുന്നു. ട്രാഫിക് തടസ്സത്തിൽ കുടുങ്ങി ചിലർക്കിപ്പോൾ ഇവിടെയെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ, കഠിനമായ കാലാവസ്ഥയ്ക്ക് നമ്മുടെ ഈമാന്റെ ചൂടിന് ഒരു തടസ്സമുണ്ടാക്കാനും കഴിയില്ല. ഒരിക്കലും തടസ്സമുണ്ടാക്കുകയുമില്ല. അതുകൊണ്ട് മഴ ഉണ്ടാകണമെന്നും ആ കാലാവസ്ഥയിൽ നാം ജൽസ പരിപാടികൾ കേൾക്കണമെന്നുമാണ് അല്ലാഹു ആഗ്രഹിക്കുന്നതെങ്കിൽ ജൽസയുടെ ഒരുക്കങ്ങൾ ഒരിക്കലും അലങ്കോലപ്പെടുകയില്ലെന്നും നിങ്ങൾ പരിപൂർണ്ണമായും ഇതിനോട് സഹകരിക്കുമെന്നുമാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ കുറച്ചാളുകൾ ഇവിടെ എത്തിക്കഴിഞ്ഞിരിക്കുന്നു. കുറച്ചാളുകൾ വഴിയിലാണുള്ളത്. എന്തായാലും ഇൻശാഅല്ലാഹ് ജനസാന്നിധ്യത്തേയും കാലാവസ്ഥ അധികം ബാധിക്കുകയില്ല. എങ്കിലും അല്ലാഹു ഇതിന്റെ ദുഷ്ഫലത്തിൽ നിന്നും നമ്മെയെല്ലാം കാത്തുരക്ഷിക്കുന്നതിനും ഈ മഴയും ഈ കാലാവസ്ഥയും അല്ലാഹുവിന്റെ വെറുപ്പുളവാക്കുന്നതാകാതിരിക്കുന്നതിനും നാം തീർച്ചയായും ദുആ ചെയ്യേണ്ടതാണ്. നബി(സ) ഇത്തരം സന്ദർഭങ്ങളിൽ ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു.

***അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഖയ്റഹാ വ ഖയ്റ മാഫീഹാ വ ഖയ്റ മാ ഉർസിലത് ബിഹി വ അഊദുബിക്ക മിൻ ശർറിഹാ വ ശർറി മാ ഫീഹാ വശർറി മാ ഉർസിലത്ബിഹി.***

അല്ലാഹുവേ, ഞാൻ നിന്നോട് ഈ മഴയുടേയും കാറ്റിന്റേയും ശക്തമായ പൊടിക്കാറ്റിന്റേയും (ഇന്നലെ ശക്തമായ കാറ്റ് ഇവിടെ വീശിയിരുന്നു) ബാഹ്യവും ആന്തരികവുമായ നന്മയും ക്ഷേമവും നിന്നിൽനിന്ന് ആഗ്രഹിക്കുന്നു. ഏതൊരു നന്മയോടുകൂടിയാണോ ഇതയക്കപ്പെട്ടിട്ടുള്ളത് ആ നന്മയും ഞാനാഗ്രഹിക്കുന്നു. ഞാനിതിന്റെ ബാഹ്യവും ആന്തരികവുമായ ഉപദ്രവത്തിൽനിന്ന്, ഏതൊരു ഉപദ്രവത്തോടുകൂടിയാണോ ഇതയക്കപ്പെട്ടിട്ടുള്ളത് ആ ഉപദ്രവത്തിൽനിന്നും നിന്നോട് അഭയം തേടുന്നു.

അതിനാൽ, അല്ലാഹുവിനോട് അഭയം തേടിക്കൊണ്ട് അവന്റെ മുമ്പിൽ പ്രണാമം ചെയ്യുക. അല്ലാഹുവിൽനിന്ന് എപ്പോഴും നമുക്ക് നല്ലത് എത്തിക്കൊണ്ടിരിക്കുമാറാകട്ടെ. എല്ലാ ഉപദ്രവങ്ങളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ ദുആയിൽ ശക്തി ചെലുത്തുക. ഞാൻ നേരത്തെ പറഞ്ഞതുപോലെ ബ്രിട്ടനിലും മറ്റു രാജ്യങ്ങളിലും മഴയും കാറ്റുംമൂലം നിരവധി നഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹു നമുക്ക് ഒരിടത്ത് ഒരുമിച്ചുകൂടി ദുആ ചെയ്യാൻ അവസരം നല്കിയിരിക്കുകയാണ്. ഈ അവസരത്തെ നാം പ്രയോജനപ്പെടുത്തേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ പ്രയാസകരമായിട്ടൊന്നും തന്നെയില്ല. കാലാവസ്ഥാനിരീക്ഷകർ അടുത്ത രണ്ടുമൂന്നു ദിവസം മഴയുണ്ടാകുമെന്ന് പ്രവചിച്ചിട്ടുണ്ട്. അല്ലാഹു നമ്മെ ഈ മഴയിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. നമ്മുടെ ജൽസ സമംഗളം സമാപിക്കുമാറാകട്ടെ. ജൽസയുടെ അനുഗ്രഹങ്ങൾ പ്രാപിച്ചുകൊണ്ട് നമുക്ക് വീട്ടിലേക്ക് മടങ്ങാൻ സൗഭാഗ്യം തന്നരുളുമാറാകട്ടെ. അല്ലാഹു നമ്മെ എപ്പോഴും അവന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാക്കുമാറാകട്ടെ.

ഇപ്പോൾ ജൽസയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ അതിഥികളോടു പറയാൻ ഞാനാഗ്രഹിക്കുന്നു. ചിലർ ആദ്യമായി ഈ ജൽസയിൽ പങ്കെടുക്കുന്നവരായിട്ടുണ്ട്. അധികംപേരും വർഷങ്ങളായി വന്നുകൊണ്ടിരിക്കുന്നവരാണ്. പക്ഷേ, ഇവരേയും ചില കാര്യങ്ങൾ ഓർമ്മിപ്പിക്കേണ്ട ആവശ്യം വരുന്നു. ഉദ്യോഗസ്ഥന്മാരോട് ഒരുപാട് കാര്യങ്ങൾ മുമ്പേ പറഞ്ഞിട്ടുണ്ടെങ്കിലും ചില കാര്യങ്ങൾകൂടി ഓർമ്മപ്പെടുത്താനുണ്ട്.

നബി(സ) തിരുമേനി അതിഥികളോടും ആതിഥേയരോടും അവർ പരസ്പരം ശ്രദ്ധിച്ചു പെരുമാറണമെന്ന് പറഞ്ഞിരിക്കുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി

(സ) പറഞ്ഞു. "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അതിഥിയെ ആദരിച്ചുകൊള്ളട്ടെ. അതിഥി സൽക്കാരം മൂന്നു ദിവസമാണ്. അതിനപ്പുറമുള്ളത് അവന് സദഖയുമാണ്. തന്റെ സഹോദരനെ കുറ്റത്തിൽ അകപ്പെടുത്തുവോളം അവന്റെ അടുത്ത് (അതിഥിയായി) താമസിക്കൽ ഒരു മുസ്ലിമിനും അനുവദനീയമല്ല."

ഒരു സത്യവിശ്വാസി അതിഥിക്ക് ആതിഥ്യം നല്കണമെന്നത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നതിനുള്ള ഒരു നിബന്ധനയാണ്. പറഞ്ഞു: അതിഥിയെ ആദരിക്കുക. ആദരവെന്ന് പറയുന്നത് സന്തോഷത്തോടുകൂടി അതിഥിയെ സൽക്കരിക്കുകയും തുറന്നകൈയോടെ അവരെ സ്വീകരിക്കുകയും വീട്ടിൽ വിളിച്ചുകൊണ്ടുവരികയും അതിഥിയുടെ വികാരത്തിന് ക്ഷതമേല്ക്കുന്ന ഒരു കാര്യവും പറയാതിരിക്കുകയും, അതിഥിയെ ബഹുമാനിക്കുകയും, വായകൊണ്ടുമാത്രമല്ല മറിച്ച് പ്രവർത്തനംകൊണ്ടും അതിഥിയോട് ആത്മാർത്ഥതയോടെ പെരുമാറുകയും ചെയ്യുക എന്നതാണ്. അതിഥിയുടെ വരവ് പ്രയാസത്തിന് കാരണമായെന്ന് അയാൾക്ക് തോന്നാൻ ആതിഥേയൻ ഇട നല്കരുത്. അവരവരുടെ കഴിവിന്നനുസരിച്ച് നല്ലനിലയിൽ, അതിഥികളുടെ താമസത്തിനും ഭക്ഷണത്തിനുമുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. ഇതെല്ലാം ഒരു സത്യവിശ്വാസി തന്റെ അതിഥിക്കായി ചെയ്യുന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി മാത്രമായിരിക്കും. ഓരോരുത്തർക്കും അവരവരുടേതായ മാർഗ്ഗങ്ങളും നിർബന്ധാവസ്ഥകളുമുണ്ടാകും. അതുകൊണ്ടാണ് പറഞ്ഞത്, ഒരു ദിവസം നിങ്ങൾക്ക് ബുദ്ധിമുട്ടേണ്ടിവന്നാലും അത് സഹിക്കുക. ഇതിനുശേഷം പൊതുവായ അതിഥിസൽക്കാരമാണ്. കാര്യങ്ങൾ മനസ്സിലാക്കി പെരുമാറണമെന്നും ആതിഥേയന് കൂടുതൽ ഭാരമാകരുതെന്നും കൂടുതൽ ഭാരമിടുക എന്നത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ദൃഷ്ടിയിൽ നല്ല കാര്യമല്ലെന്നും അതിഥിയേയും ഓർമ്മിപ്പിച്ചു. മൂന്നു ദിവസത്തിനു ശേഷമുള്ള ആതിഥ്യം സദഖയായിരിക്കുമെന്നും പറഞ്ഞു. അങ്ങേയറ്റം ദരിദ്രരായ പട്ടിണിപ്പാവങ്ങൾക്കാണ് സദഖ നല്കാറുള്ളത്. അതിഥിയോടും ആതിഥേയനോടും അവരുടെ കടമകൾ എന്തൊക്കെയാണെന്ന് വിസ്തരിച്ചു പറഞ്ഞുകൊണ്ട് അവരെ ആവശ്യമില്ലാത്ത ബുദ്ധിമുട്ടുകളിൽ നിന്ന് രക്ഷിച്ചിരിക്കുന്നു. ഇരുവരുടേയും സ്നേഹബന്ധം നിലനില്ക്കാൻ വേണ്ടിയാണ് ഇങ്ങനെ ഉപദേശിച്ചിട്ടുള്ളത്. അതിഥി ആതിഥേയന് കൂടുതൽ ഭാരം ആകാത്തിടത്തോളം ഈ സന്തോഷവും സ്നേഹവും നിലനില്ക്കുന്നതാണ്. ആവശ്യമില്ലാതെ അതിഥികൾ ആതിഥേയന്റെമേൽ ഭാരമിടുകയോ ദീർഘകാലം ആതിഥ്യം പറ്റിക്കൊണ്ടിരിക്കുകയോ ചെയ്യുകയാണെങ്കിൽ അത് ആതിഥ്യമല്ല. പ്രത്യുത, സദഖയാണ്. എന്നല്ല നിർബന്ധിച്ചുവാങ്ങുന്ന സദഖയാണ്.

ഒരു മനോഹരമായ സമൂഹം സ്ഥാപിതമാകുന്നതിന്, ഇരുകക്ഷിയും തങ്ങളുടെ കടമകൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ഇവിടെ ജൽസയിൽ പങ്കെടുക്കാൻ പുറംരാജ്യങ്ങളിൽനിന്നു വരുന്നവർക്ക് ദൂരം കാരണത്താലും യാത്രയ്ക്കുള്ള ടിക്കറ്റിന് തടസ്സം നേരിടുന്നതിനാലും നിർബന്ധിതരായി കൂടുതൽ ദിവസം ചിലപ്പോൾ താമസിക്കേണ്ടിവരും. അതിനാൽ ജമാഅത്തും 15 ദിവസംവരെ ആതിഥ്യം നല്കാറുണ്ട്. എല്ലാ അതിഥികളും ഇവിടെ വന്നിട്ടുള്ളത്, ജൽസയിൽനിന്ന് ഫലമെടുക്കാനാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കായി ചെയ്തിട്ടുള്ള പ്രാർത്ഥനകളിൽ ഭാഗഭാക്കാകാനാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയ്ക്കോ സുഹൃത്തുക്കൾക്കോ വിഷമമുണ്ടാക്കുന്നതും ആതിഥ്യത്തിന് ക്ഷതമേല്ക്കുന്നതുമായ ഒന്നും പ്രകടിപ്പിക്കാതിരിക്കാൻ അതിഥികൾ ശ്രദ്ധിക്കേണ്ടതാണ്. പതിനഞ്ച് ദിവസത്തിനുള്ളിൽ, അല്ലെങ്കിൽ, ആതിഥേയനോടു കാലേകൂട്ടി പറഞ്ഞിട്ടുള്ള ദിവസത്തിനുള്ളിൽ തിരിച്ചുപോകത്തക്കവിധം സ്വയം പ്രോഗ്രാം തയ്യാറാക്കുക. പെട്ടെന്നുപോകാൻ തീരുമാനമെടുത്തുകഴിഞ്ഞ പാക്കിസ്ഥാനിൽനിന്ന് വന്ന അധികമാളുകളും എന്നെ കണ്ടുകഴിഞ്ഞു. അവർ ജൽസയിൽ പങ്കെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമാണ് വന്നിട്ടുള്ളത്. പക്ഷേ, ചിലർ ഇവിടെ താമസിച്ചിട്ട് സ്വന്തം ജോലിയെടുക്കുകയും ജമാഅത്തിന് ഭാരമായിത്തീരുകയും ചെയ്യാറുണ്ട്. ഇതുപോലെതന്നെ വിസ സംഘടിപ്പിച്ച് ഇവിടെ കൂടാമെന്ന ഉദ്ദേശ്യത്തോടെ വരുന്ന ചിലരുമുണ്ട്. കഴിഞ്ഞവർഷവും ഇങ്ങനെ ചിലർ വന്നിരുന്നു. ഞാൻ എപ്പോഴും തുറന്നുപറയാറുള്ള കാര്യമാണിത്. ഇപ്പോഴും ഇതാവർത്തിക്കുകയാണ്. ജൽസയിൽ പങ്കെടുക്കാൻ വരുന്നവർ ഇന്ത്യയിൽനിന്നും, ബംഗ്ലാദേശിൽനിന്നും പാക്കിസ്ഥാനിൽനിന്നും അല്ലെങ്കിൽ ഏത് രാജ്യത്തുനിന്ന് വന്നവരാണെങ്കിലും അവർക്ക് ബ്രിട്ടീഷ് എംബസി വിസ നല്കിയിട്ടുള്ളത് ജൽസയിൽ പങ്കെടുക്കാൻ മാത്രമാണ്. ജമാഅത്തിലെ അംഗങ്ങളെ വിശ്വസിച്ചുകൊണ്ടാണ് എംബസി വിസ നല്കുന്നത്. ആ വിശ്വാസത്തിന് ഒരിക്കലും കോട്ടം തട്ടാൻ അനുവദിക്കരുത്. അതുമുഖേന ജമാഅത്തിന് ചീത്തപ്പേരുണ്ടാകുന്നു. വരും വർഷങ്ങളിൽ ജൽസയിൽ വരാൻ ആഗ്രഹിക്കുന്നവർക്കും ഇക്കാരണത്താൽ വിഷമം നേരിടും. അവർക്ക് വിസ നിഷേധിക്കപ്പെടും. ഇതുസംബന്ധമായി മറ്റൊരു കാര്യംകൂടി ഓർക്കുക. ചിലയാളുകൾ മറ്റുചില യൂറോപ്യൻരാഷ്ട്രങ്ങളിൽ പോയും ഇങ്ങനെ പ്രവർത്തിക്കാറുണ്ട്. ഇതിനും അവർക്കനുവാദമില്ല. ജൽസയിൽ പങ്കെടുക്കുക എന്ന ഉദ്ദേശ്യത്തെ പവിത്രമായി കാത്തുസൂക്ഷിക്കേണ്ടതാണ്. ജൽസയുടെ അനുഗ്രഹത്തെ പ്രാപിച്ചശേഷം എത്രയും വേഗം തിരിച്ചുപോകാൻ കഴിയുമോ അത്രയും വേഗം പോകേണ്ടതുമാണ്.

പിന്നീടൊരു കാര്യം അതിഥിയോടും ആതിഥേയനോടും പറയാനുള്ളത്, ഇവിടെ പുറം ദേശത്തു

നിന്നും വരുന്ന അതിഥികളുമുണ്ട് തദ്ദേശീയരായ അതിഥികളുമുണ്ട്. മതപരമായ ഉദ്ദേശ്യപ്രാപ്തിക്കുവേണ്ടി മാത്രമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസയ്ക്ക് അടിത്തറയിട്ടത്. അതുകൊണ്ട് ഇതിൽ എല്ലായിടത്തും എല്ലാവസരത്തിലും ഇസ്‌ലാമികമായ സ്വഭാവങ്ങൾ പ്രകടമാകേണ്ടത് നിർബന്ധമാണ്. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂ ഹുറയ്റ (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം നബി(സ)യുടെയടുക്കൽ വന്നുപറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ അങ്ങയെ കാണുമ്പോൾ എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറയുന്നു. കണ്ണിന് കുളിർമയുണ്ടാകുന്നു. അതുകൊണ്ട് അങ്ങ് എല്ലാ കാര്യങ്ങളേയും കുറിച്ച് എനിക്ക് പറഞ്ഞുതരിക. നബി(സ) 'അല്ലാഹു എല്ലാ വസ്തുക്കളും സൃഷ്ടിച്ചത് വെള്ളം കൊണ്ടാണ്' എന്ന് പറഞ്ഞപ്പോൾ, തനിക്ക് സ്വർഗ്ഗത്തിൽ സമാധാനത്തോടെ പ്രവേശിക്കാൻ കഴിയുന്നതിനുള്ള എന്തെങ്കിലും കാര്യം പറഞ്ഞുതരിക എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നബി(സ) പറഞ്ഞു: "സലാം പറയുക. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക, ചാർച്ചയെ ചേർത്തു നിറുത്തുക, ജനങ്ങൾ ഉറങ്ങുമ്പോൾ എഴുന്നേറ്റ് നമസ്കരിക്കുക. അങ്ങനെയായാൽ സമാധാനത്തോടെ നീ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്."

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നത്, 'നീ അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുക' എന്നാണ്. ഇതാണ് ഇസ്‌ലാമികമായ ഉൽകൃഷ്ട സ്വഭാവം. സലാം പ്രചരിപ്പിക്കുക. കാരണം സലാം എത്തിക്കുക എന്നതിന്റെ അർത്ഥം ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം പരസ്പരം കൈമാറുക എന്നതാണ്. ഹൃദയത്തിൽനിന്ന് പുറപ്പെടുന്ന ഈ സന്ദേശം കൊണ്ട് മനസ്സിലെ വെറുപ്പും പൊരുത്തക്കേടും അകലുന്നു. ചില കുടുംബബന്ധങ്ങളിൽ ചെറിയ ചെറിയ കാര്യങ്ങളിലാണ് വൈരാഗ്യം തലപൊക്കുന്നത്. അത് വളർന്നുവളർന്ന് പരസ്പരം കാണണമെന്ന ചിന്ത പോലും അവസാനിച്ചുപോകുന്നു. സലാം പറയുന്നതു പോകട്ടെ, ഒരാൾക്ക് മറ്റൊരാളെ കാണുന്നതുപോലും സഹിക്കുന്നില്ല. അല്ലാഹുവും അവന്റെ റസൂലും(സ) പറയുന്നു, പരസ്പരം സലാം പറയുക എന്ന്. ഈ ദിനങ്ങളിൽ ഈ അന്തരീക്ഷത്തെ ശരിക്കും പ്രയോജനപ്പെടുത്തുക. വൈരാഗ്യമുള്ളവർ തന്നത്താൻ കെട്ടിപ്പൊക്കിയ പകയുടെ ഭിത്തിയെ ഇടിച്ചുനിരത്തി അതവസാനിപ്പിക്കുക. മുന്നോട്ട് ചെന്ന് സലാം പറയുക. ഏതൊരു ആത്മീയാന്തരീക്ഷത്തിൽ നിന്ന് അനുഗ്രഹം തേടാനാണോ നിങ്ങൾ വന്നിട്ടുള്ളത് അതിന്റെ യഥാർത്ഥ അനുഗ്രഹം പ്രാപിക്കാൻ നിങ്ങൾക്ക് കഴിയണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യങ്ങളിൽ ഒന്നു പറഞ്ഞത്, നവഅഹ്മദികളും പഴയകാല അഹ്മദികളും പരസ്പരം കണ്ടുമുട്ടുകയും അങ്ങനെ സ്നേഹബന്ധവും സാഹോദര്യബന്ധവും വളർത്തുകയും ചെയ്യുക എന്നാണ്. പഴയ ബന്ധങ്ങൾതന്നെ അലങ്കോലപ്പെട്ടതാണെങ്കിൽ പുതിയ ബന്ധം കെട്ടുറപ്പുള്ളതാകുന്നതെങ്ങനെ? പഴയ സ്വാധീനം പുതിയ ബന്ധങ്ങളിലുമുണ്ടാകും. ഈ ദിനങ്ങളെ പ്രയോജനപ്പെടുത്തി പുതിയതായി പരിചയപ്പെട്ട സ്നേഹബന്ധത്തിൽ അഭിവൃദ്ധിപ്പെടുന്നതിനോടൊപ്പം ഈ ആത്മീയാന്തരീക്ഷത്തിന്റെ അനുഗ്രഹത്തിൽ പ്രയോജനപ്പെടുത്തി പൊട്ടിപ്പോയ ബന്ധങ്ങളും കൂട്ടിച്ചേർക്കുക. സലാം പ്രചരിപ്പിക്കുക. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുക. ഇതുകൂടാതെ പരസ്പരം സലാം പറയുന്ന ദൃശ്യവും കാണേണ്ടതാണ്. ഇതാണ് സ്നേഹത്തിന് നിദാനമായിരിക്കുന്നത്. ഇങ്ങനെ പരസ്പരം സ്നേഹം വളരും. ഡ്യൂട്ടിയിലുള്ളവർക്കും മറ്റെല്ലാവർക്കും ഇത് ബാധകമാണ്. 'ഞാൻ മുമ്പേ' എന്ന വിചാരത്തോടെ സലാം പറയേണ്ടതാണ്. ഈ സമാധാനത്തിന്റെ അന്തരീക്ഷം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചെടുക്കുന്നതായിത്തീരണം. ഭക്ഷണം നല്കുക, ആവശ്യക്കാരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക, തുടങ്ങിയവയും സ്നേഹം പരത്താനുള്ള മാർഗ്ഗമാണ്. പറഞ്ഞു: നിങ്ങൾ ചാർച്ചയെ ചേർക്കുക. കുടുംബബന്ധങ്ങളെ ആദരിക്കുക. പിന്നീട് പറഞ്ഞു നിർബന്ധമാക്കപ്പെട്ട നമസ്കാരങ്ങളും ഐഛികമായ നമസ്കാരങ്ങളും അനുഷ്ഠിക്കുക. ഈ ദിനങ്ങളിൽ ഇവിടെ ഒരുമിച്ചു താമസിക്കുന്നവർ മിക്കവരും നഫ്‌ലുകളിൽ ശ്രദ്ധിക്കാറുണ്ട്. എന്നാൽ, വീടുകളിൽ താമസിക്കുന്ന ധാരാളം ആളുകളുണ്ട്. കുടുംബബന്ധുക്കളുമൊത്ത് പാതിരാത്രിവരെ സംസാരിച്ചുകൊണ്ടിരിക്കുന്നതിനു പകരം ഈ മൂന്ന് ദിനങ്ങളിൽ നിങ്ങളുടെ നിർബന്ധ നമസ്കരാത്തിനുള്ള ഏർപ്പാട് ചെയ്യുക, നഫ്‌ലുകൾക്കുള്ള ഏർപ്പാടും ചെയ്യുക. സമയത്തുറങ്ങിയില്ലെങ്കിൽ രാവിലെ എഴുന്നേല്ക്കാനും പ്രയാസമുണ്ടാകും. അതുകൊണ്ട് സമയത്തുറങ്ങുകയും നഫ്‌ലുകൾ നമസ്കരിക്കുകയും ചെയ്യുക. ഈ ജൽസയുടെ ആത്മീയാനുഗ്രഹത്തിൽനിന്ന് യഥാർത്ഥ നിലയിൽ ഫലമെടുക്കാൻ ഇത് അനിവാര്യമാണ്. ഇക്കാര്യങ്ങൾ നിങ്ങളെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുമെന്ന് അല്ലാഹുവിന്റെ റസൂൽ നിങ്ങൾക്ക് ഉറപ്പുതരുന്നു.

സലാം പറയുന്നതിനെ സംബന്ധിച്ച് സ്വഹാബിമാരുടെ ജീവിതരീതികൂടി പറയാം. നിവേദനത്തിൽ വന്നിരിക്കുന്നു. "ഒരു ദിവസം ഒരു സ്വഹാബി മറ്റൊരു സഹാബിയുടെ വീട്ടിൽപോയി. അദ്ദേഹത്തിന് സലാം പറഞ്ഞു. ചന്തയിലേക്കുപോകാൻ അയാളെ ക്ഷണിക്കുകയും ചെയ്തു. അങ്ങനെ അയാളോടൊപ്പം ആ മനുഷ്യനും പോയി. കുറച്ചുനേരം ചന്തയിലൊക്കെ ചുറ്റിക്കറങ്ങി ഒരു സാധനവും വാങ്ങാതെ അയാൾ വീട്ടിൽ തിരിച്ചുവന്നു. കുറച്ചുദിവസത്തിനുശേഷം വീണ്ടും ആ സ്വഹാബി തന്റെ ആദ്യസുഹൃത്തിന്റെ വീട്ടിൽപോയി. ചന്തയിലേക്ക് പോകാൻ ക്ഷണിച്ചു. ആദ്യത്തെ സഹാബി പറഞ്ഞു: കുറച്ചു ദിവസങ്ങൾക്കു മുമ്പേയും നിങ്ങൾ ചന്തയിൽ പോയിരുന്നു. എന്നിട്ട് ചുറ്റിക്കറങ്ങി തിരിച്ചുവരികയാണ് ചെയ്തത്. സാധനങ്ങളൊന്നും വാങ്ങിയില്ല. ഇന്നും അങ്ങനെതന്നെയാണെങ്കിൽ താങ്കൾക്ക് ചന്തയിൽ

പോകേണ്ട ആവശ്യമെന്ത്? അയാൾ പറഞ്ഞു. ഞാൻ ചന്തയിൽ പോകുമ്പോൾ ആളുകൾ നമുക്ക് സലാം പറയുന്നു. നമ്മൾ അവർക്ക് സലാം മടക്കുകയും ചെയ്യുന്നു. ഇങ്ങനെ നമ്മൾ പരസ്പരം സമാധാനത്തിന്റെ പ്രാർത്ഥന നല്കുകയാണ് ചെയ്യുന്നത്.” അതുമുഖേന പരസ്പരമുള്ള സ്നേഹം വർദ്ധിക്കുന്നു. ഇങ്ങനെ പല രീതിയിലും അതിനായി അവർ ചിന്തിച്ചിരുന്നു. പരസ്പരം പ്രാർത്ഥിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുവാനും സാധിക്കും. ഇതിലേക്ക് സത്യവിശ്വാസി ശ്രദ്ധിക്കേണ്ടതാണ്.

അല്ലാഹു ഈ അന്തരീക്ഷം നിങ്ങൾക്ക് ഒരുക്കിതന്നിരിക്കുകയാണ്. ഇതിനെ പ്രയോജനപ്പെടുത്തുക. നടത്തിപ്പ് സംബന്ധമായ ചില കാര്യങ്ങളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഈ കാര്യം ഓർമ്മിക്കേണ്ടതാണ്. മഴ കാരണം ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ ഇടയുണ്ടെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു. അതിൽ മുഖ്യമായ പ്രശ്നം വാഹനങ്ങളുടെ പാർക്കിംഗ് സംവിധാനമാണ്. ഇതിനുവേണ്ടി സംഘാടകർ ഇവിടെനിന്ന് രണ്ടുമൂന്ന് മൈൽ ദൂരെ ഒരു സംവിധാനം ചെയ്തിട്ടുണ്ട്. നിങ്ങളിൽ പലരും അത് കണ്ടുവന്നിട്ടുണ്ടാകാം. അവിടെനിന്ന് മിനിബസ്സിൽ പോക്കുവരവിനുള്ള ഏർപ്പാടും ചെയ്തിട്ടുണ്ട്. ജൽസയിൽ പങ്കെടുക്കുന്നവർ സംഘാടകരുമായി പൂർണ്ണമായും സഹകരിക്കുക. ഹദീഖത്തുൽ മഹ്ദിയിൽത്തന്നെ പാർക്കു ചെയ്യണമെന്ന് വാശിപിടിക്കരുത്. സംഘാടകരിൽനിന്ന് അനുവാദം കിട്ടിയാൽ നിങ്ങൾക്കവിടെ പാർക്ക് ചെയ്യാവുന്നതാണ്. ഇപ്പോൾ ഒരു പരിധിവരെ സംഘാടകർ അനുവാദം നല്കിത്തുടങ്ങിയിട്ടുണ്ട്. മഴ കാരണം മണ്ണിളകി ചളിയായിരിക്കുകയാണ്. അതുകൊണ്ട് സംഘാടകരോട് പൂർണ്ണമായും സഹകരിക്കുക. ഇപ്രകാരംതന്നെ പോക്കുവരവിനുള്ള മിനിബസ്സുകളിലും തങ്ങളുടെ ഊഴം കാത്തുനിന്നു കയറേണ്ടതാണ്. അച്ചടക്കത്തോടുകൂടി വരികയും പോവുകയും ചെയ്യുക. കഴിഞ്ഞവർഷം ജമാഅത്തിന്റെ അച്ചടക്കം ഇവിടുത്തെ പോലീസിനേയും നാട്ടുകാരേയും വല്ലാതെ ആകർഷിച്ചിരുന്നു. ഇതൊരിക്കലും നഷ്ടപ്പെടാൻ അനുവദിക്കരുത്. എന്നല്ല, മുമ്പത്തേക്കാൾ കൂടുതൽ അച്ചടക്കം പാലിച്ചുകൊണ്ട് നമ്മൾ ഏതവസ്ഥയിലും അച്ചടക്കം പാലിക്കുന്നവരാണെന്ന് സ്ഥാപിച്ചുകാണിക്കുക. മറ്റൊരു പ്രധാന കാര്യം സെക്യൂരിറ്റിയെ സംബന്ധിച്ചാണ്. ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരോടും എല്ലാ വിഭാഗങ്ങളുടേയും ഉദ്യോഗസ്ഥന്മാരോടും ഞാൻ പറയാനാഗ്രഹിക്കുന്നു, നിങ്ങളുടെ പരിസരം എപ്പോഴും ശ്രദ്ധിക്കുക. ഒരു സാധ്യതയേയും തള്ളിക്കളയാൻ പറ്റാത്തവിധമാണ് ഇന്ന് ലോകത്തിന്റെ അവസ്ഥ. ഇതുസംബന്ധമായി ഞാൻ സ്ത്രീകളോട് പ്രത്യേകമായും പറയുന്നു, അവർ ചിലപ്പോൾ പരിശോധനയെ മോശമായി കാണാറുണ്ട്. അതുകൊണ്ട് പൂർണ്ണമായും നിങ്ങൾ സഹകരിക്കണം. ഇതിൽ അപമാനകരമായ കാര്യമൊന്നുമില്ല. ഞങ്ങൾ ഇന്ന ഉദ്യോഗസ്ഥന്റെ ബന്ധുവായിട്ടും അല്ലെങ്കിൽ ഇന്ന ഉദ്യോഗസ്ഥയായിട്ടും ഞങ്ങളെ പരിശോധിച്ചുവെന്നു പറഞ്ഞ് സ്ത്രീകൾ പരാതിപ്പെടാറുണ്ട്. ഉദ്യോഗസ്ഥന്റെ ബന്ധുവിനേയും എല്ലാ ഉദ്യോഗസ്ഥരേയും ഡ്യൂട്ടിയിലുള്ളവർ അറിഞ്ഞുകൊള്ളണമെന്നില്ല. ചിലപ്പോൾ ബാഗുകളും മററുമുള്ള കാരണത്താൽ സ്ത്രീകളെ കൂടുതൽ സമയം പരിശോധിക്കേണ്ടിവരും. ഇത് നിർബന്ധിതാവസ്ഥയാണ്. ഉദ്യോഗസ്ഥരായ പുരുഷന്മാരേയും പരിശോധനയ്ക്ക് വിധേയരാക്കുകയാണെങ്കിൽ അവരും അതിനെ മോശമായി കരുതരുത്.

റബ്വയിൽ ജുമുഅ ദിവസവും പെരുന്നാൾ ദിവസങ്ങളിലും പരിശോധന നടത്താറുണ്ട്. പലപ്പോഴും ഞാനും പരിശോധനയ്ക്ക് വിധേയനായിട്ടുണ്ട്. ഞാനൊരിക്കലും ഈ സംവിധാനത്തെ മോശമായി കരുതിയിട്ടില്ല. ഞാൻ പറഞ്ഞതുപോലെ എല്ലാ ഓരോ ഖാദിമിനും എല്ലാവരേയുംക്കുറിച്ച് പൂർണ്ണമായ വിവരമുണ്ടാകുകയില്ല. അതുകൊണ്ട് ഈ വ്യവസ്ഥിതിയോടും നിങ്ങൾ പൂർണ്ണമായി സഹകരിക്കുക. ഒരിക്കലും പരാതിപ്പെടരുത്.

ഹദ്റത്ത് ഖലീഫത്തുൽ ഥാനി(റ)ന്റെ ഒരു സംഭവം വിവരിക്കപ്പെടുന്നുണ്ട്. ഖാദിയാനിൽ അഹ്റാരികളുടെ ഭീഷണിയുണ്ടായിരുന്ന കാലഘട്ടത്തിൽ അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കബ്റിടത്തേയും മറ്റു മഹാത്മാക്കളുടെ കബ്റുകളേയും അപമാനിക്കുമോ എന്ന ആശങ്ക നിലനിന്നിരുന്ന ഒരു ഘട്ടമുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റഹ്)ന്റെ നിർദ്ദേശത്താൽ യുവാക്കളെ കാവൽ നിറുത്താനുള്ള ഏർപ്പാട് ചെയ്തു. കോഡ് നമ്പറും വിതരണം ചെയ്തു. ആരെങ്കിലും കോഡ് നമ്പർ പറയാതെ അകത്ത് കടക്കാൻ ശ്രമിച്ചാൽ ഒരു കാരണവശാലും അവരെ കടത്തിവിടരുതെന്ന് ശക്തമായി നിർദ്ദേശിക്കുകയും ചെയ്തു. ഒരു പ്രാവശ്യം ഇത് ശരിയായ നിലയിൽ നടപ്പിൽവരുത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) രാത്രിയിൽ രഹസ്യമായി പോയി. അപ്പോൾ ഖാദിംകൾ തടഞ്ഞു. തന്റെ പേര് അദ്ദേഹം പറഞ്ഞുവെങ്കിലും കോഡ് നമ്പർ പറയാത്ത കാരണത്താൽ അദ്ദേഹത്തെ അകത്തേക്ക് കടക്കാൻ അവർ അനുവദിച്ചില്ല. അത് കണ്ടപ്പോൾ ഖലീഫത്തുൽ മസീഹ് ഥാനി(റഹ്) അങ്ങേയറ്റം സന്തോഷം പ്രകടിപ്പിച്ചു. ഈ ഖാദിമീംകളാണ് ശരിയായനിലയിൽ തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതെന്ന് പറയുകയും ചെയ്തു.

ഈ ഏർപ്പാടുകളെല്ലാം ചെയ്തിട്ടുള്ളത് നമ്മുടെ ഗുണത്തിനു വേണ്ടിയാണ്. അതുകൊണ്ട് ഇതിനെ മോശമായി കാണേണ്ട ആവശ്യമില്ല. പക്ഷേ ഡ്യൂട്ടിയിലുള്ള പുരുഷന്മാരോടും സ്ത്രീകളോടും ഞാൻ പറയുകയാണ്, നിങ്ങൾ നിങ്ങളുടെ പെരുമാറ്റത്തിൽ ഒരുവിധത്തിലുള്ള വെറുപ്പും കാണിക്കരുത്. ചിലർ കഠിനമായി

പെരുമാറാറുണ്ട്. കഴിഞ്ഞവർഷം ഇതുസംബന്ധമായി പരാതിയും ലഭിച്ചിരുന്നു.

അല്ലാഹു ഈ ജൽസ അനുഗ്രഹീതമാക്കിത്തീർക്കട്ടെ. എല്ലാവരേയും എല്ലാ രീതിയിലും തന്റെ സംരക്ഷണത്തിൽ വയ്ക്കുമാറാകട്ടെ. ആരേയും വിഷമിപ്പിക്കുന്ന ഒരു കാര്യവും നമ്മളിൽനിന്നുണ്ടാകാതിരിക്കട്ടെ.

ഞാൻ പറഞ്ഞതുപോലെ എല്ലാവരും തങ്ങളുടെ ചുറ്റുപാടും ശ്രദ്ധിക്കേണ്ടതാണ്. സെക്യൂരിറ്റിക്കുള്ള ഏറ്റവും നല്ല മാർഗ്ഗം ഇതുതന്നെയാണ്. ഓരോരുത്തരും കരുതലുള്ളവരാകുമ്പോൾ ഉപദ്രവകാരികൾക്ക് ഉപദ്രവിക്കാനുള്ള അവസരം കിട്ടുകയില്ല. പക്ഷേ, ഇതുസംബന്ധമായി ഒരു കാര്യം ഓർമ്മിക്കുക. സംശയകരമായ നിലയിൽ ഏതെങ്കിലും സ്ത്രീയേയോ പുരുഷനേയോ കണ്ടാൽ അവരെ നിരീക്ഷീക്കേണ്ടതാണ്. സംരക്ഷണ വിഭാഗത്തെ അറിയിക്കുകയും വേണം. നേരിട്ട് ഒരിക്കലും അവരുമായി ഇടപെടരുത്. സംരക്ഷകർ വരുന്നതുവരെ അവരുടെ ചലനങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുക. ഓരോരുത്തരും തങ്ങളുടെ തിരിച്ചറിയൽ കാർഡ് ഒപ്പം കരുതുക. ഉദ്യോഗസ്ഥന്മാർ ചോദിച്ചാൽ ഉടനെ അവരെ കാണിക്കുക.

കഴിഞ്ഞവർഷം എല്ലാ ആശങ്കകളും ഉണ്ടായിട്ടും ഈ നാട്ടുകാരിൽ നമ്മുടെ അച്ചടക്കവും സംഘടനാപ്രവർത്തനവും വളരെ സ്വാധീനമുണ്ടാക്കി. അതിനാൽ ഈ വർഷവും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. അല്ലാഹു എല്ലാവർക്കും നല്ല സ്വഭാവം കാഴ്ചവയ്ക്കാൻ ഭാഗ്യം നല്കുമാറാകട്ടെ. നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ വീട്ടിലുള്ളവർക്കുവേണ്ടിയും ഈ ദിനങ്ങളിൽ ദുആ ചെയ്യുക. നബി(സ) യാത്ര പോകുമ്പോൾ ദുആ ചെയ്യാറുണ്ടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു. നബി(സ) യാത്രപോകുമ്പോൾ 'യാത്രയുടെ ബുദ്ധിമുട്ടുകളിൽനിന്നും ദുഃഖം പേറി തിരിച്ചുവരുന്നതിൽനിന്നും ജോലി ഭംഗിയായി ചെയ്തതിനുശേഷം അത് താറുമാറാകുന്നതിൽനിന്നും മർദ്ദിതരുടെ ശാപപ്രാർത്ഥനയിൽനിന്നും കുടുംബങ്ങളിലും സ്വത്തുക്കളിലും മോശമായ ദൃശ്യം കാണുന്നതിൽനിന്നും അല്ലാഹുവിനോട് അഭയം തേടിയിരുന്നു. അല്ലാഹു നമ്മളിൽ ഓരോരുത്തരേയും എല്ലാ ഉപദ്രവങ്ങളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ. യാത്ര നമുക്കൊരു ദോഷവും വരുത്താതിരിക്കട്ടെ. കഠിനമായ കാലാവസ്ഥ നമുക്ക് നഷ്ടം വരുത്താതിരിക്കട്ടെ. സുഖകരമായി വീട്ടിൽ തിരിച്ചെത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ ദുആ ചെയ്തു. "ഈ ജൽസയിൽ അല്ലാഹുവിനുവേണ്ടി മാത്രം ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് എത്രത്തോളം ആളുകൾ സന്നദ്ധരായിട്ടുണ്ടോ അല്ലാഹു അവർക്ക് സൽഫലം നല്കുമാറാകട്ടെ. അവരുടെ ഓരോ ചുവടിനും അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ. ആമീൻ. സുമ്മ ആമീൻ.

വീണ്ടും പറയുന്നു: "അവസാനമായി ഈ ദുആ ചെയ്തുകൊണ്ട് ഞാൻ നിറുത്തുകയാണ്. അല്ലാഹുവിനുവേണ്ടിയുള്ള ഈ ജൽസയിൽ പങ്കെടുക്കുന്നതിനായി യാത്ര ചെയ്യുന്ന ഓരോരുത്തരോടുമൊപ്പം അവൻ ഉണ്ടായിരിക്കുമാറാകട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുമാറാകട്ടെ. അവരിൽ കരുണ ചൊരിയുമാറാകട്ടെ. അവരുടെ ബുദ്ധിമുട്ടുകളും അസ്വാസ്ഥ്യങ്ങളും അവർക്ക് എളുപ്പമാക്കിത്തീർക്കട്ടെ. അവരുടെ ദുഃഖവും വേദനയും അകറ്റുമാറാകട്ടെ. എല്ലാ കഷ്ടപ്പാടുകളിൽനിന്നും അവരെ മോചിപ്പിക്കുമാറാകട്ടെ. അവരുടെ സദുദ്ദേശ്യങ്ങൾ പൂർത്തീകരിക്കാനുള്ള വഴികൾ അവർക്ക് തുറന്നുകൊടുക്കുമാറാകട്ടെ. ഉയിർത്തെഴുന്നേല്പുനാൾ തന്റെ അനുഗൃഹീത ദാസരോടൊപ്പം അവർ എഴുന്നേല്പിക്കുമാറാകട്ടെ; അവരുടെ യാത്രാ അന്ത്യം അവർക്കുശേഷം അവരുടെ പ്രതിനിധിയായി തീരാൻ. മഹത്വമുടയവനും മഹാഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ ഈ എല്ലാ പ്രാർത്ഥനകളും നീ സ്വീകരിക്കേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ എതിരാളികളുടെമേൽ വ്യക്തമായ അടയാളങ്ങൾകൊണ്ട് നീ വിജയം നല്കേണമേ. എല്ലാ ശക്തിയും കഴിവും നിനക്കുമാത്രമാണ്. ആമീൻ. സുമ്മ ആമീൻ. (1892 ഡിസംബർ 7)

അല്ലാഹു നമ്മെ ഈ എല്ലാ ദുആകളുടേയും അനന്തരാവകാശികളാക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 27.7.2007 at Hadeeqathul Mahdi, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala